മധുരക്കള്ള് പുളിക്കാതിരിക്കാൻ

ഡോ. എം. പി. ഗിരിധരൻ

കാർഷിക കോളജ്,

തെങ്ങ് ചെത്തുന്നതിൽ രണ്ടുമാസത്തെ പരിശീലനം നൽകുക. പരിശീലനം നൽകുന്നതിനായി പരമ്പരാഗത ചെത്തുതൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളത്തിൽ മധുരക്കള്ളുവ്യവസായം പ്രോൽസാഹിപ്പിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. പല കോണുകളിൽ നിന്നും ഈ നിർദ്ദേശം ഉയരാറുണ്ടെങ്കിലും എങ്ങനെ ഇത് നടപ്പിലാക്കണമെന്ന് സൂക്ഷ്മതലത്തിൽ ആരും ചർച്ച ചെയ്തു കാണുന്നില്ല. 2005ൽ അന്നത്തെ എക്സൈസ് മന്ത്രി വക്കം പുരുഷോത്തമന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ മധുരക്കള്ള് സംസ്കരണം നടപ്പിലാക്കാൻ വഴിതെളിഞ്ഞതാണ്. മുഖ്യമന്ത്രി മൂന്നു യൂണിറ്റുകൾ തുടങ്ങുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അബ്കാരി സംസ്കരണ നിയമം ഭേദഗതി ചെയ്യാതിരുന്നതിനാൽ ഇത് നടപ്പിലായില്ല. അബ്കാരിനിയമം ഭേദഗതി ചെയ്താൽ മാത്രമേ ഇത് പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയൂ.

ചില നിർദ്ദേശങ്ങൾ:

1. അബ്കാരിനിയമം ഭേദഗതി ചെയ്യുക.
2. തെങ്ങ് ചെത്തുവാനാവശ്യമായ തൊഴിൽ സേനയെ കൃഷിവകുപ്പ് സജ്ജമാക്കണം. ഓരോ പഞ്ചായത്തിലും തെങ്ങുചെത്ത് സ്ഥിരം തൊഴിലായി

സ്വീകരിക്കാൻ താത്പര്യമുള്ള യുവാക്കളോട് രജിസ്റ്റർ ചെയ്യുവാൻ ആവശ്യപ്പെടുക.

3. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും (വയനാട്, ഇടുക്കി ജില്ലകൾ ഒഴികെ) ഒന്നോ രണ്ടോ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത യുവാക്കൾക്ക് തെങ്ങ് ചെത്തുന്നതിൽ രണ്ടുമാസത്തെ പരിശീലനം നൽകുക. പരിശീലനം നൽകുന്നതിനായി അതാതു പ്രദേശത്തെ പരമ്പരാഗത ചെത്തുതൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പരിശീലന ഘട്ടത്തിൽ ചെത്തിയെടുക്കുന്ന മധുരക്കള്ള് ദുരുപയോഗം ചെയ്യാതിരിക്കുന്നതിനായി ചുണ്ണാമ്പു തേച്ച പാത്രങ്ങളിൽ മധുരക്കള്ള് ശേഖരിക്കുകയും അത് തെങ്ങിൻ ചക്കര നിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്താൽ മതി. ഒരേ സമയം തെങ്ങ് ചെത്തുവാനും ചക്കര ഉണ്ടാക്കുന്നതിനും ഉള്ള പരിശീലനം നൽകുവാൻ കഴിയും. പരിശീലന പരിപാടിയുടെ മേൽനോട്ടത്തിനായി ഓരോ കാർഷിക ബിരുദധാരികളെ താത്കാലികമായി നിയമിക്കുകയും വേണം.

4. തെങ്ങുചെത്ത് അപകടസാധ്യതയുള്ള തൊഴിൽ ആയതിനാൽ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

5. പരിശീലനത്തിനാവശ്യമായ തെങ്ങുകൾ കണ്ടെത്തുകയും ഉടമകളായ കർഷകർക്ക് ന്യായമായ വാടക നൽകുകയും ചെയ്യണം.

6. പരിശീലനകാലഘട്ടത്തിലും തുടർന്നും ഓരോ തെങ്ങിൽ നിന്നും ലഭിക്കുന്ന മധുരക്കള്ളിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തുവാനും ആകെ ലഭിച്ച മധുരക്കള്ള് സംസ്കരിച്ചുകിട്ടുന്ന ചക്കരയുടെ അളവ് രേഖപ്പെടുത്തുവാനും സംവിധാനം ഉണ്ടായിരിക്കണം. അതുവഴി മധുരക്കള്ളിന്റെ ദുരുപയോഗം തടയുവാൻ സാധിക്കും.

> ചെത്തിയെടുക്കുന്ന മധുരക്കള്ള് ദുരുപയോഗം ചെയ്യാതിരിക്കുന്നതിനായി ചുണ്ണാമ്പു തേച്ച പാത്രങ്ങളിൽ മധുരക്കള്ള് ശേഖരിക്കുകയും അത് തെങ്ങിൻ ചക്കര നിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്താൽ മതി.

7. പരിശീലന കാലഘട്ടത്തിലും തുടർന്നും നിർമ്മിക്കുന്ന തെങ്ങിൻ ചക്കര കൃഷിഭവൻ വഴിയോ അല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങൾ വഴിയോ വിറ്റഴിക്കാൻ സംവിധാനം ഉണ്ടായിരിക്കണം.

8. കേരളത്തിൽ ഏപ്രിൽ അവസാനം (മഴക്കാലത്തേക്കുള്ള ചെത്ത്) അല്ലെങ്കിൽ ഒക്ടോബർ (വേനൽ ചെത്ത്) മാസങ്ങളിലാണ് തെങ്ങുകൾ ചെത്തുവാൻ തുടങ്ങുന്നത്. ഈ സീസണിനോട് ചേർന്നായിരിക്കണം പരിശീലനം ആരംഭിക്കേണ്ടത്.

9. വിജയകരമായ പരിശീലനം പൂർത്തിയാക്കിയ യുവാക്കൾ പഞ്ചായത്ത് തലത്തിൽ മധുരക്കള്ള് സംസ്കരണ സംഘങ്ങളായി രജിസ്റ്റർ ചെയ്യുക. ഇത്തരം സംഘങ്ങൾക്ക് സ്ഥിരം സംവിധാനം എന്ന നിലയിൽ മധുരക്കള്ള് സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനായി നാളികേര ബോർഡിന്റെ സഹായത്തോടെ കൃഷിഭവൻ മുഖേന സാമ്പത്തിക സഹായം നൽകുക.

10. ആദ്യവർഷം എക്സൈസ്വകുപ്പിൽ നിന്നും ചക്കര നിർമ്മാണത്തിനു മാത്രം തെങ്ങു ചെത്തുന്നതിനായി ലൈസൻസ് നൽകുക. ഒരു വർഷം തുടർച്ചയായി തെങ്ങ് ചെത്ത്, ചക്കരനിർമ്മാണം, വിപണനം എന്നിവ നടത്തി കഴിവും വിശ്വാസ്യതയും തെളിയിക്കുന്ന സംഘങ്ങൾക്ക് രണ്ടാംഘട്ടത്തിൽ മധുരക്കള്ളിൽ നിന്നും മറ്റ് മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം നടത്തുന്നതിനും കാർഷിക സർവകലാശാലയുടെ സഹായത്തോടെ പരിശീലനം നൽകുക.

11. മികച്ച രീതിയിൽ മധുരക്കള്ള് സംസ്കരണം മുൻപോട്ടു കൊണ്ടുപോകുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, കൃഷി ഓഫീസർ, കർഷക പ്രതിനിധികൾ എന്നിവരുൾപ്പെട്ട മോണിറ്ററിംഗ് സമിതിക്ക് രൂപം നൽകുക.

ഫോൺ:94446697425